**No.CEE/200/5LL.B-2020/TA2**

**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

# വിജ്ഞാപനം

## പഞ്ചവത്സര എൽഎൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ, 2020–21 അഡ്മിറ്റ് കാർഡ് ലഭ്യമാക്കി

**2020 ജൂൺ 14–ാം തീയതി** (ഞായറാഴ്ച) കേരളത്തിലെ എല്ലാ ജില്ലകളിലും വച്ച് നടത്താനിരുന്ന 2020–21 ലെ പഞ്ചവത്സര എൽഎൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ 2020 ജൂൺ 22–ാം തീയതി (തിങ്കളാഴ്ച) ലേയ്ക്ക് മാറ്റി വച്ചിരിക്കുന്നു. ഇന്റഗ്രേറ്റഡ് പഞ്ചവത്സര LL.B കോഴ്സിന് ഓൺലൈൻ അപേക്ഷ സമർപ്പിച്ചവരുടെ അഡ്മിറ്റ് കാർഡുകൾ **06.06.2020, ഉച്ചയ്ക്ക് 12.00 മണി** മുതൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും **12.06.2020,** വൈകുന്നേരം **3.00** മണിയ്ക്കു മുമ്പായി ഡൗൺലോഡ് ചെയ്യേണ്ടതാണ്.

വെബ്സൈറ്റിലെ **'Five Year LL.B 2020 - Candidate Portal'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭ്യമാകുന്ന പേജിൽ **ആപ്ലിക്കേഷൻ നമ്പറും, പാസ്‌വേഡും** കൃത്യമായി നൽകിയതിനുശേഷം **'Admit Card'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്. പ്രവേശന പരീക്ഷയുടെ സുഗമമായ നടത്തിപ്പിനായി കണ്ടെയ്ൻമെന്റ് സോണുകൾ/ക്വാറന്റെയ്ൻ എന്നിവയിൽപ്പെടുന്ന വിദ്യാർത്ഥികൾ ആ വിവരം രേഖപ്പെടുത്തി അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യേണ്ടതാണ്. ഈ അഡ്മിറ്റ് കാർഡുമായാണ് അപേക്ഷകൻ പരീക്ഷാ ഹാളിൽ ഹാജരാകേണ്ടത്. തപാൽ വഴി അഡ്മിറ്റ് കാർഡ് വിതരണം ചെയ്യുന്നതല്ല. വിദ്യാർത്ഥികളെ തിരിച്ചറിയുന്നതിന് അഡ്മിറ്റ് കാർഡിന്റെ കളർ പ്രിന്റൗട്ട് അഭികാമ്യമായിരിക്കും.

അപ്‌ലോഡ് ചെയ്ത രേഖകളിലെയോ, ഓൺലൈൻ അപേക്ഷയിലെയോ അപാകതകൾ മൂലം ചില അപേക്ഷകരുടെ അഡ്മിറ്റ് കാർഡുകൾ തടഞ്ഞുവച്ചിട്ടുണ്ട്. അവർക്ക് ഹോം പേജിലെ **'Memo'** എന്ന ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ തങ്ങളുടെ അപേക്ഷയിലെ ന്യൂനതകളുടെ വിശദവിവരങ്ങൾ കാണാവുന്നതാണ്. അത്തരം അപേക്ഷകർ ബന്ധപ്പെട്ട രേഖകൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ **18.06.2020 വൈകുന്നേരം 5.00 മണിക്കു** മുൻപായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. തപാൽ/ ഇ–മെയിൽ/ ഫാക്സ് മുഖേന സമർപ്പിക്കുന്ന രേഖകൾ യാതൊരു കാരണവശാലും ന്യൂനതകൾ പരിഹരിക്കുന്നതിനായി സ്വീകരിക്കുന്നതല്ല.

അഡ്മിറ്റ് കാർഡിൽ ലഭ്യമായിട്ടുള്ള അപേക്ഷകന്റെ പേര്, ഫോട്ടോ, ഒപ്പ് എന്നിവ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ അവ **പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഇ–മെയിൽ** മുഖാന്തിരം **12.06.2020 വൈകുന്നേരം 3.00 മണിക്കു** മുൻപായി സമർപ്പിക്കണം. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

ആപ്ലിക്കേഷൻ നമ്പർ മറന്നുപോയ അപേക്ഷകർ **'Forgot Application Number'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് പേര് നൽകിയാൽ പേര്, അഡ്രസ്സ്, ആപ്ലിക്കേഷൻ നമ്പർ എന്നിവ കാണാവുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ: **0471–2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
05.06.2020